**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കൊച്ചി കോർപ്പറേഷൻ പരിധിയിലെ ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റിന് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് എൽ.എ.ആർ കേസുകളിന്മേലുള്ള ബാദ്ധ്യത തീർക്കുന്നതിലേയ്ക്ക് തുക അനുവദിച്ചും സ്പെഷ്യൽ തഹസീൽദാരുടെ അക്കൗണ്ടിലുള്ള 11 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം.567/17/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 01.03.2017.

പരാമർശം : 1) സ.ഉ.(സാധാ)നം.87/10/ത.സ്വ.ഭ.വ തീയതി 11/01/2010

2) സ.ഉ.(സാധാ)നം.902/10/ഫിൻ തീയതി 04/02/2010

3) കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 21.12.2016, 27/01/2017 തീയതികളിലെ എം.ഒ.പി2/24139/2008Vol II നമ്പർ കത്തുകൾ.

4) സ.ഉ.(സാധാ)നം.1057/17/ഫിൻ തീയതി 09/02/2017

5) സ.ഉ.(സാധാ)നം.1280/17/ഫിൻ തീയതി 17.02.2017

**ഉത്തരവ്**

കൊച്ചി കോർപ്പറേഷൻ പരിധിയിലെ ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റിന് സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നതിന് 85 കോടി രൂപ വായ്പയായി അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു എന്നാൽ പ്രസ്തുത സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് എൽ.എ.ആർ കേസുകളിന്മേലുള്ള ബാദ്ധ്യത തീർക്കുന്നതിലേയ്ക്ക് 79 കോടി രൂപ അനുവദിച്ചും സ്പെഷ്യൽ തഹസീൽദാരുടെ അക്കൗണ്ടിലുള്ള 11 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകണമെന്ന് പരാമർശം (3) പ്രകാരം കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി കോർപ്പറേഷൻ പരിധിയിലെ ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റിന് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് എൽ.എ.ആർ കേസുകളിന്മേലുള്ള ബാദ്ധ്യത തീർക്കുന്നതിനായി പരാമർശം നാലും അഞ്ചും പ്രകാരം 55,69,75,000 രൂപ(അൻപത്തി അഞ്ച് കോടി അറുപത്തി ഒൻപത് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ) അനുവദിച്ചും സ്പെഷ്യൽ തഹസീൽദാരുടെ അക്കൗണ്ടിലുള്ള 11 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതി നല്കിയും ഉത്തരവാകുന്നു. ഇക്കാര്യത്തിൽ പരാമർശം നാലും അഞ്ചും പ്രകാരമുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി

ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

ജില്ലാ കളക്ടർ, എറണാകുളം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ്( 25/02/2017-ലെ Dev-2/167/2016-Fin പ്രകാരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ